(ഇ) ഇവരെ നിയന്ത്രിക്കാനും ഇവരുടെ പ്രവൃത്തികൾമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുമായി എന്ത് ആതന നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഐ.എസ്.ആർ.ഒ. ചാരക്കേസ്സ് അന്വേഷിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി

169 (170) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസ്സ് അന്വേഷിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ബഹു. ഹൈക്കോടതി വിധിയിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ചാരക്കേസ്സ് അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് ആഭ്യന്തര വകുപ്പിന് ബോധ്യപ്പെട്ടിട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ചാരക്കേസ്സിന് പിന്നിൽ നടന്ന ഗൂഢാലോചന സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ആരെല്ലാമാണ് ആഭ്യന്തര വകുപ്പിനെ സമീപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ - സി)പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് ഇക്കാര്യം വീണ്ടും പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കോടതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

(ഡി&ഇ) മുൻ എം.എൽ.എ. ശ്രീ.കെ.കെ.രാമചന്ദ്രൻ മാസ്റ്റർ ഇത് സംബന്ധിച്ച് ഒരു നിവേദനം 25-9-2013-ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനം പരിശോധിച്ച് അതിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഐ.എസ്.ആർ.ഒ. ചാരക്കേസ്സ്

170 (171) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഐ.എസ്.ആർ.ഒ. ചാരക്കേസിൽ അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന, ബഹു. ഹൈക്കോടതിയുടെ വിധിയിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ചാരക്കേസിൽ എന്തെങ്കിലും ഗൂഢാലോചന നടന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ & ബി) ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് ഇക്കാര്യം വീണ്ടും പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന കോടതി വിധി സർക്കാർ പരിശോധിച്ചുവരുന്നു.

ഡി.ജി.പി. നിയമനം

171 (172) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലെ നിയമനം സംബന്ധിച്ച് സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും നിയമനം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) WP(C) No. 310/96 (പ്രകാശ് സിംഗ് Vs യൂണിയൻ ഓഫ് ഇന്ത്യ) എന്ന കേസിൽ ബഹു. സുപ്രീം കോടതിയുടെ 22-9-2006-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് സംസ്ഥാന പോലീസ് ഡയറക്ടർ ജനറൽ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നതിനായി പ്രസ്തുത റാങ്കിലെ ഏറ്റവും മുതിർന്ന 3 ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന പാനലിൽനിന്നും ഉദ്യോഗസ്ഥരുടെ സർവ്വീസ് കാലയളവ്, സർവ്വീസ് റെക്കോർഡ്, ജോലിയിലുള്ള പരിജ്ഞാനം, പോലീസ് സേനയെ നയിക്കുവാനുള്ള കഴിവ് എന്നീ മാനദണ്ഡങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രസ്തുത പാനലിൽ ഉൾപ്പെട്ട ഒരാളെയാണ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആയി നിയമിക്കേണ്ടത് എന്നും അപ്രകാരം നിയമിക്കുന്നയാളെ കുറഞ്ഞത് 2 വർഷം പ്രസ്തുത തസ്തികയിൽ നിലനിർത്തണമെന്നുമാണ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലെ നിയമനം സംബന്ധിച്ചുള്ള സുപ്രീം കോടതി നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly